പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T4283    24/06/2019-ൽ മറുപടിയ്ക്ക്

**' തെങ്ങുകയറ്റത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ '**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തെങ്ങുകയറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതി കൾ നടപ്പിലാക്കിയിട്ടുണ്ട്: വിശദമാക്കാമോ;<br><br>(ബി) മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന ആനുകൂല്യങ്ങളിൽ നിന്നും വ്യത്യസ്തമായി പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ &ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാബോർഡിനു കീഴിലാണ് തെങ്ങുകയറ്റത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ബോർഡിൽ പുതുതായി നടപ്പിലാക്കിയ വായ്പാധനസഹായ പദ്ധതിയുടെ പ്രയോജനം അംഗങ്ങളായ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. ബോർഡ് പുതുതായി വർദ്ധിപ്പിച്ച നിരക്കിലുള്ള 10,000/- രൂപയുടെ വിവാഹധനസഹായ പദ്ധതിയ്ക്കും ഇവർ അർഹരാണ്. |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് അർഹമായ ക്ഷേമനിധി സംഖ്യ യഥാസമയം കൊടുത്തുതീർക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് അർഹമായ ക്ഷേമനിധി സംഖ്യ യഥാസമയം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന 42 ലക്ഷം രൂപയടക്കം ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 4,91,40,000/- രൂപ (നാലു കോടി തൊണ്ണൂറ്റൊന്നു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) കേരള മരംകയറ്റത്തൊഴിലാളി ക്ഷേമ ധനസഹായ പദ്ധതിയിൽ നിന്നും ഈ വിഭാഗം തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ